<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1981</u> <u>12-09-2023 - ൽ മറുപടിയ്ക്ക്</u>

<u>മലയോര കുടിയേറ്റ മേഖലകളിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. സർവീസ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ മലയോര കുടിയേറ്റ മേഖലകളിലേയ്ക്കുള്ള 'കായംകുളം-വെള്ളരിക്കുണ്ട്-കൊന്നക്കാട് സർവീസ് കെ.എസ്.ആർ.ടി.സി.യുടെ ടേക്ക് ഓവർ ഗണത്തിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | ജി.ഒ.(പി).72/2013/Trans., dated.16.7.2013 സർക്കാർ ഉത്തരവ് പ്രകാരമാണ് ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള ഉയർന്ന ശ്രേണിയിലുള്ള എല്ലാത്തരം ബസ്സുകളുടെയും സർവ്വീസ് നടത്തിപ്പ് പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യിൽ നിക്ഷിപ്തമായത്. ഇതിനെ തുടർന്ന് ഇത്തരത്തിൽ സർവ്വീസ് നടത്തിയിരുന്ന സ്വകാര്യ ബസ്സുകൾ ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകളായി ഓപ്പറേറ്റ് ചെയ്ത് വരികയും ജി.ഒ.(പി) നം.13/2023/TRANS, dated.03.5.2023 നോട്ടിഫിക്കേഷൻ പ്രകാരം ഇവ 140 കിലോമീറ്ററിൽ അധികരിക്കാത്ത ഓർഡിനറി സർവ്വീസുകളായി ഓപ്പറേറ്റ് ചെയ്യുന്നതിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ഇത്തരത്തിൽ പുന:ക്രമീകരിക്കുമ്പോൾ ഉണ്ടാകുന്ന പൊതുജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ദീർഘദൂര സ്വകാര്യ ബസ് സർവ്വീസുകൾക്ക് പകരം ആവശ്യമായ സർവ്വീസുകൾ നടത്തി വരുന്നുണ്ട്.<br><br>എന്നാൽ കായംകുളം – വെള്ളരിക്കുണ്ട് – കൊന്നക്കാട് റൂട്ടിൽ ഇത്തരത്തിൽ സ്വകാര്യ ബസ്സുകൾ ഒന്നും തന്നെ സമീപ കാലങ്ങളിൽ സർവ്വീസ് നടത്തിയിരുന്നില്ല. ആയതിനാൽ ടി റൂട്ടിൽ ടേക്ക് ഓവർ ഗണത്തിൽ ഉൾപ്പെടുത്തി സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ